കേരളകൗമുദി 3/8/23



തൃക്കാക്കര ഭാരതമാതാ കോളേജിൽ നടന്ന ഓറിയന്റേഷൻ പരിപാടി മാനേജർ റവ.ഡോ. എബ്രഹാം ഓലിയപ്പുറത്ത് ഉദ്ഘാടനം ചെയ്യുന്നു

# യുവാക്കൾ സ്വയംസംരംഭകരാവണം: സന്തോഷ് ജോർജ് കുളങ്ങര

കൊച്ചി: യുവാക്കൾ സ്വയം സംരംഭകരാവണമെന്നും കേരളത്തെ രക്ഷിക്കാൻ അതാണ് ഏറ്റവും ഫലപ്രദമായ വഴിയെന്നും ലോക സഞ്ചാരി സന്തോഷ് ജോർജ് കുളങ്ങര പറഞ്ഞു. തലമുറയുടെ പ്രാഥമികവും പരിഷ്കൃതവുമായ സൗകര്യങ്ങൾ മുഴുവനും സംരംഭകരുടെ സംഭാവനയാണ്. ഏത് അഭിരുചിയെയും സംരംഭകത്വത്തിന്റെ കുടക്കീഴിൽ കൊണ്ടുവന്ന് നാടിനെ പുരോഗതിയിലേക്കും സ്വയംപര്യാപ്തതയിലേക്കും നയിക്കാമെന്നും അദ്ദേഹം പറഞ്ഞു.

തൃക്കാക്കര ഭാരതമാതാ കോളജിലെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

കോളേജ് മാനേജർ ഡോ. എബ്രഹാം ഓലിയപ്പുറത്ത് ഉദ്ഘാടനം ചെയ്തു. ഫാ. ജിമ്മിച്ചൻ കർത്താനം, പ്രിൻസിപ്പൽ ഡോ. കെ.എം. ജോൺസൺ, വൈസ് പ്രിൻസിപ്പൽ ഡോ. ലിസി കാച്ചപ്പിള്ളി, ബിനി റാണി ജോസ്, ജോഷി ജോസഫ്, ഡോ. ന്യൂബി ജോസഫ്, ഡോ. ഷിബി തോമസ് എന്നിവർ സംസാരിച്ചു. തേവര എസ്.എച്ച് കോളജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ഫാ. സാബു തോമസ് ക്ലാസ് നയിച്ചു.